# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM27/1074/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM27/1074/2022 തീയ്യതി: 06/06/2022

## മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-03-2021 മുതൽ 16-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-04-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 18-04-2022 | 26-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-04-2022 | 26-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൾ സത്താർ.സി.പി, ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൽ നാസർ.പി , ഓഡിറ്റ് ഓഫീസർ
ശ്രീമതി.അസീന .എ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൽ അലി.കുന്നൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സഫിയ മന്നെത്തൊടി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 18-11-2020 |
| ശ്രീ.മുഹമ്മദ് ഇസ്മയിൽ.കെ | പ്രസിഡന്റ് | 19-11-2020 | 31-03-2021 |
| ശ്രീ.ഹുസൈൻ.എം.എ | സെക്രട്ടറി | 01-04-2020 | 19-06-2020 |
| ശ്രീമതി.ആശാ.ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-06-2020 | 30-06-2020 |
| ശ്രീമതി.പ്രജിത കുമാരി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2020 | 07-07-2020 |
| ശ്രീ.മജീദ്.എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-07-2020 | 16-07-2020 |
| ശ്രീമതി.പ്രീത.എം.ബി | സെക്രട്ടറി | 17-07-2020 | 17-07-2020 |
| ശ്രീ.മജീദ്.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-07-2020 | 29-07-2020 |
| ശ്രീ.ആർ.രാജേഷ് | സെക്രട്ടറി | 30-07-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 23-06-2020 | 16-08-2020 |
| ശ്രീമതി.അനിത.കെഒ | അസിസ്റ്റന്റ് സെക്രട്ടറി | 17-08-2020 | 31-03-2021 |
| ശ്രീമതി.പത്മാവതി.എ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.വാസുദേവൻ.ഡി | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.അഞ്ജലി.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.മിനിമോൾ.എൻ. | അസിസ്റ്റന്റ് എഞ്ചിനിയർ | 12-02-2021 | 31-03-2021 |
| ശ്രീ.സന്തോഷ്.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ബിന്ദു.പി | മെഡിക്കൽ ഓഫീസർ,അലോപ്പതി. | 01-04-2020 | 25-01-2021 |
| ഡോ.സജനി.പി | മെഡിക്കൽ ഓഫീസർ,അലോപ്പതി. | 26-01-2021 | 31-03-2021 |
| ഡോ.ശുഭ.പി | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.അനീജ്.കെ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.അനിത.കെ.ഒ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 22-06-2020 |
| ശ്രീമതി.വിമല.പി.പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 11-02-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Abdul Ali Kunnan (Auditor, On 25-04-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 25-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Abdul Ali Kunnan (Auditor, On 25-04-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 25-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Abdul Ali Kunnan (Auditor, On 25-04-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 25-04-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: ASEENA.A.P (Asst. Audit Officer, On 26-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-4 |
| 5 | പദ്ധതി രൂപീകരണം<br>Written By: ASEENA.A.P (Asst. Audit Officer, On 26-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: ASEENA.A.P (Asst. Audit Officer, On 26-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: ASEENA.A.P (Asst. Audit Officer, On 26-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന.<br>Written By: Abdul Ali Kunnan (Auditor, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: ASEENA.A.P (Asst. Audit Officer, On 26-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: ASEENA.A.P (Asst. Audit Officer, On 26-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-10 |
| 11 | വാർഷിക കണക്ക് പരിശോധന- അപാകതകൾ<br>Written By: ASEENA.A.P (Asst. Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-11 |
| 12 | വികസനഫണ്ട് ജനറൽ ചെലവ് ACR ലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും വ്യത്യാസപ്പെട്ടിരിക്കുന്നു<br>Written By: ASEENA.A.P (Asst. Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-12 |
| 13 | കെട്ടിട നിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകി.<br>Written By: Abdul Ali Kunnan (Auditor, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-13 |
| 14 | കെട്ടിട നികുതി -അധിക നിരക്ക് ഈടാക്കി<br>Written By: Abdul Ali Kunnan (Auditor, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-14 |
| 15 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകിയത് - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച്.<br>Written By: Abdul Ali Kunnan (Auditor, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-15 |
| 16 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് | 1-16 |

| | | |
|---|---|---|
| | നൽകി. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 9099 രൂപ തിരിച്ചടവാക്കി<br>Written By: P.Abdu.Nazar (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | |
| 17 | ഓവർ ഹെഡ് ചാർജ് 5% കുറവ് ചെയ്തില്ല.<br>Written By: P.Abdu.Nazar (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-17 |
| 18 | ഷിറ്റ് റൂഫിംഗ് – നിരക്ക് കണക്കാക്കിയതിലെ അപാകത മൂലം അധികച്ചെലവ് വന്നു.<br>Written By: P.Abdu.Nazar (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-18 |
| 19 | ഇ-ടെണ്ടർ പ്രകാരമുള്ള ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.<br>Written By: P.Abdu.Nazar (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-19 |
| 20 | പരിരക്ഷ പദ്ധതി- മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല.<br>Written By: Abdul Sathar C.P (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-20 |
| 21 | ദുരിതാശ്വാസ നിധി തൻവർഷം രൂപീകരിച്ചിരുന്നില്ല.<br>Written By: ASEENA.A.P (Asst. Audit Officer, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-21 |
| 22 | ഡെപ്പോസ്റ്റ് പ്രവൃത്തി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: ASEENA.A.P (Asst. Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-22 |
| 23 | IKM ന് വിഹിതം നൽകിയത്- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: ASEENA.A.P (Asst. Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-23 |
| 24 | അഗതിരഹിത കേരളം പദ്ധതി കാര്യക്ഷമമല്ല<br>Written By: ASEENA.A.P (Asst. Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-24 |
| 25 | ഗവ.അംഗീകൃത പാലിയേറ്റീവ് യൂണിറ്റിന് മരുന്നും സാമഗ്രികളും വാങ്ങൽ- മുഴുവൻ സാധന സാമഗ്രികളും ലഭ്യമായിട്ടില്ല.<br>Written By: Abdul Sathar C.P (Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഓവർ ഹെഡ് ചാർജ് 5% കുറവ് ചെയ്തില്ല.<br>Written By: ABDHU NAZER.P (Audit Officer, On 03-05-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: ASEENA.A.P (Asst. Audit Officer, On 26-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: ASEENA.A.P (Asst. Audit Officer, On 26-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ടിന്റെ വിവരം<br>Written By: ASEENA.A.P (Asst. Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ നൽകിയതിന്റെ വിവരം<br>Written By: ASEENA.A.P (Asst. Audit Officer, On 27-04-2022) | 4-4 |

| | | |
|---|---|---|
| | Last Updated By: ASEENA.A.P (Asst. Audit Officer, On 27-04-2022) | |
| 5 | വായ്പ/ തിരിച്ചടവിന്റെ വിവരം<br>Written By: ASEENA.A.P (Asst. Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപത്തിന്റെ വിവരം<br>Written By: ASEENA.A.P (Asst. Audit Officer, On 27-04-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 27-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: ASEENA.A.P (Asst. Audit Officer, On 27-04-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 27-04-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Abdul Ali Kunnan (Auditor, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 4-8 |
| 9 | സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Abdul Ali Kunnan (Auditor, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Abdul Ali Kunnan (Auditor, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Abdul Ali Kunnan (Auditor, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത് ) തീരുമാന നമ്പർ/തിയ്യതി |
|---|---|
| 1(1) തിയ്യതി 23/03/2020 | 1(2)/25-02-2021 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 31.07.2021 | - | - |

### 1-3 സാമ്പത്തിക വിശകലനം.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 44946408 |
| വരവ് | 79214294 |
| ആകെ | 124160702 |
| ചെലവ് | 90697721 |
| നീക്കിയിരിപ്പ് | 33462981 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16145423 | 16145423 | 14872119 | 127330 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5411373 | 5411373 | 4678159 | 733214 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6603000 | 6603000 | 6557515 | 45485 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 4780157 | 4780157 | 4020693 | 759464 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 6490000 | 6490000 | 939668 | 5550332 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 12190328 | 12190328 | 8577950 | 3612378 |

### 1-5 പദ്ധതി രൂപീകരണം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ നടപ്പിലാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 269 | 107448015 | 208 | 58751633 | - | 61 | 77.3 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 450971 | 710935 | 1161906 | 1161906 | 0 |
| ഗുണഭോക്താക്കൾക്ക് | 0 | 10187735 | 10187735 | 10187735 | 0 |

| നേരിട്ട് നൽകുന്നത് | | | | | |
|---|---|---|---|---|---|

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 6328800 | 329 |
| വിധവാ പെൻഷൻ | 24911900 | 1263 |
| വാർദ്ധക്യകാല പെൻഷൻ | 29323300 | 1462 |
| വികലാംഗ പെൻഷൻ | 8853700 | 440 |
| വിവാഹ ധന സഹായം | 90000 | 3 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 395500 | 19 |

## 1-8 ക്യാഷ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-04-2022 , 11.00 AM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 115 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിച്ചിട്ടില്ല.

3. റോഡ് നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിലോ സൈറ്റ് പ്ലാനിലോ പ്രവൃത്തി നടത്തുന്ന കൃത്യമായ ചെയിനേജ് വ്യക്തമാക്കുന്നില്ല.

4. ഇ-ടെണ്ടറിന് വേണ്ടി എസ്.ബി.ഐ.യിൽ അക്കൗണ്ട് ആരംഭിക്കണമെന്ന സർക്കാർ നിർദ്ദേശം നാളിതുവരെ പാലിച്ചിട്ടില്ല.

5. 2013-ലെ കേരള സ്റ്റോർ പർച്ചേസ് മാന്വലിൽ നിഷ്കർഷിക്കുന്ന വിധത്തിൽ വാർഷിക ആവശ്യകതാ നിർണ്ണയം നടത്താതെയാണ് സ്റ്റോർ പർച്ചേസ് നടത്തിയിട്ടുള്ളത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.02.22 | ജനുവരി 2022 | 15.02.22 |
| എ.ജി ഓഡിറ്റ് | 27.09.2007 | 1997-98 മുതൽ 2005-06 വരെ | 01.12.2007 |

## 1-11 വാർഷിക കണക്ക് പരിശോധന- അപാകതകൾ

2020-21ലെ വാർഷിക കണക്ക് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്ട് നം.224/20-21(SO) മണക്കോട് ചാലിപ്പറമ്പ് ലൈൻ മാറ്റൽ എന്ന ഡെപ്പോസിറ്റ് പ്രവൃത്തിക്ക് 20037/-രൂപ KSEB ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. എന്നാൽ പ്രസ്തുത തുക

Advance To Implementing Agencies എന്ന ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല. ആയത് Electricity Line Extension എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

2. B-4 ഷെഡ്യൂളിൽ Beneficiary Contribution ഇനത്തിൽ 528630/-രൂപ ബാലൻസ് ഉണ്ട്. ഈ ഇനത്തിൽ പിരിച്ചെടുത്ത തുക പൂർണ്ണമായി ചെലവഴിക്കാത്ത പ്രോജക്ടുകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

3. വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് പരിശോധിക്കുന്നതിനായി 2021 മാർച്ച് 31 ലെ സഞ്ചയ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4. ഡെപ്പോസിറ്റ് ഇനത്തിൽ Contractors Retension തുക തിരികെ നൽകിയത് AFS പ്രകാരം (RP-34) 83962 ആണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 58632 ആണ്.

5. 320100115 TSC അക്കൗണ്ടിൽ ബാങ്ക് ബുക്ക് പ്രകാരം ആകെ വരവും ആകെ ചെലവും 52228 രൂപയാണ്. എന്നാൽ Ledger Trial Balance ൽ 173828/-രൂപയാണ് വരവ് കാണിച്ചിട്ടുള്ളത്.

6. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

7. 18.03.20ൽ നടന്ന 2020-21 വാർഷിക ബജറ്റ് സമ്മേളനത്തിന്റെ റിഫ്രഷ്മെന്റ് ചാർജിനത്തിൽ ചെലവായ 8000/-രൂപ (വൗച്ചർ നം.22000046/18.04.20) ബുക്ക് ചെയ്തിട്ടുള്ളത് Expenses Related To Pandamic Control/Epidemic Control (230800114) എന്ന ശീർഷകത്തിലാണ്.

8. 2021ജനുവരി മാസത്തിൽ ചെക്ക് നൽകി ദിവസങ്ങൾക്ക് ശേഷമാണ് സാംഖ്യയിൽ പേമെന്റ് വൗച്ചർ തയ്യാറാക്കിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ചെക്ക് നം. തീയതി | വൗച്ചർ നം. തീയതി | തുക | ഇനം |
|---|---|---|---|---|
| 1 | 1807709/15.01.21 | 22000674/20.01.21 | 30000 | കൃഷി ഓഫീസർക്ക് അഡ്വാൻസ് നൽകിയത് |
| 2 | 152891/15.01.21 | 22000675/20.01.21 | 3960 | രജിസ്റ്റർ വാങ്ങിയത് |
| 3 | 1807706/12.01.21 | 22000650/20.01.21 | 27199 | സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് ചെലവ് |
| 4 | 152112/13.01.21 | 22000656/20.01.21 | 6500 | AMC- ഫോട്ടോകോപ്പി മെഷീൻ |
| 5 | 111920/13.01.21 | 22000663/20.01.21 | 317612 | ന്യൂട്രീഷ്യൻ പദ്ധതി |
| 6 | 1807707/14.01.21 | 22000670/20.01.21 | 123914 | ബഡ്സ് സ്കൂൾ ഹോണറേറിയം |
| 7 | 1807708/14.01.21 | 22000671/20.01.21 | 130000 | ഗുണഭോക്തൃ വിഹിതം ചെലവ് |

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 വികസനഫണ്ട് ജനറൽ ചെലവ് ACR ലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും വ്യത്യാസപ്പെട്ടിരിക്കുന്നു

| | ഇനം | വരവ് | ചെലവ് | നീക്കിയിരിപ്പ് | റിമാർക്ക് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | AFS&ACR | 16145423 | 14872119 | 1273304 | GO പ്രോജക്ടുകളായ 330/21, 331/21, 332/21 എന്നിവയിലെ ചെലവ് തുകയായ 715729രൂപ ACRലും AFSലും വന്നിട്ടില്ല. |
| | Grant Statement | 16145423 | 15587848 | 557575 | |

ജി.ഒ പ്രൊജക്ടുകൾക്ക് വന്ന ചെലവ് എ.എഫ്.എസ് ൽ ഉൾപ്പെടുത്താതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-13 കെട്ടിട നിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകി.

A) കെട്ടിട ഉടമസ്ഥൻ - ശ്രീ.ഇബ്രാഹിം മുതൽ പേർ

സർവേ നമ്പർ - 134/19-2 ( ബ്ലോക്ക് നം 55)

കെട്ടിടത്തിന്റെ തരം - വാണിജ്യ കെട്ടിടം

പെർമിറ്റ് നമ്പർ - A1-BA(63782)/2019 Dt 8/3/19

(293.36 M2)

പൂർത്തീകരണ അപേക്ഷ നൽകിയ തിയ്യതി - 14.10.2020 ( A1-4353/2020)

പൂർത്തീകരണ അപേക്ഷ പ്രകാരം വിസ്തൃതി - 686.38 M2

നൽകിയ നമ്പർ - 14/153 A T0 AA(20-21 l Half മുതൽ )

കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ പരിശോധിച്ചതിൽ കെട്ടിടത്തിന് 8 കാർ പാർക്കിംഗ് ആവശ്യമുണ്ട്. എന്നാൽ 7 പാർക്കിംഗ് സ്പേസ് മാത്രമേ കാണിച്ചിട്ടുള്ളൂ. ഇതിൽ ഒരെണ്ണം കെട്ടിടത്തിന് അകത്തായും 2 എണ്ണം കെട്ടിടത്തിന്റെ ഇടയിലും ബാക്കി കെട്ടിടത്തിന് മുൻവശത്തായുമാണ് കാണിച്ചത്. എന്നാൽ പാർക്കിംഗ് കാണിച്ചിരിക്കുന്ന വാഹനങ്ങൾക്ക് 3 മീറ്ററിൽ കുറയാത്ത ഡ്രൈവ് വേ, വാഹനം തിരിക്കുന്നതിനുള്ള സ്ഥലം എന്നിവ പ്ലാൻ പ്രകാരം ലഭ്യമല്ല. കൂടാതെ ഇരു ചക്ര വാഹനങ്ങളുടെ പാർക്കിംഗിന് ആവശ്യമായ സ്ഥലം നീക്കി വച്ചിട്ടുമില്ല.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 29 (4) പ്രകാരം തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിന് ആവശ്യമായ സൗകര്യത്തോടെയായിരിക്കണം ഓരോ പാർക്കിംഗ് സ്ഥലവും വ്യവസ്ഥ ചെയ്യേണ്ടത് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഡ്രൈവിംഗിനുള്ള സ്ഥലവും വാഹനങ്ങൾ തിരിക്കാനുള്ള സ്ഥലവും ഒരുക്കേണ്ടതാണ് എന്നും ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ കെട്ടിടം പരിശോധിച്ച അസിസ്റ്റന്റ് എഞ്ചിനിയർ കെട്ടിടം ബിൽഡിംഗ് റൂൾ പാലിച്ചാണ് നിർമ്മിച്ചത് എന്ന് റിപ്പോർട്ട് ചെയ്തു കാണുന്നു. ആവശ്യമായ കാർ പാർക്കിംഗ്, ഇരു ചക്ര വാഹന പാർക്കിംഗ് സൗകര്യം ഇല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകിയത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായാണ്. ചട്ടത്തിലെ മേൽ നിർദ്ദേശം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് തെറ്റായ റിപ്പോർട്ട് നൽകി നമ്പർ നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.03/20-21 തി.22-04-2022) അസിസ്റ്റന്റ് എഞ്ചിനിയർ നൽകിയ മറുപടിയിൽ ഗ്രൗണ്ട് ഫ്ലോറിലെ പാസ്സേജ്, കെട്ടിടത്തിനകത്ത് പാർക്കിംഗ് കാണിച്ച ഏരിയ, ഫസ്റ്റ് ഫ്ലോറിലെ പാസ്സേജുകൾ എന്നിവ ഒഴിവാക്കിയാണ് ഫ്ലോർ ഏരിയ കണക്കാക്കിയതെന്നും തദവസരത്തിൽ ആവശ്യമായ പാർക്കിംഗ് ഉണ്ട് എന്നുമാണ് .

മറുപടിയുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയതിൽ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ പാസ്സേജായി കാണിച്ച ഏരിയയും, പാർക്കിംഗിനായി ബിൽഡിംഗിനകത്ത് നീക്കി വച്ച 27.26 ച.മീ ഏരിയയും നിലവിൽ ഷെട്ടർ സ്ഥാപിച്ച് വാണിജ്യ സ്ഥാപനമായി പ്രവർത്തിക്കുന്നതായി കാണാൻ സാധിച്ചു. അത് പോലെ ഗ്രൗണ്ട്ഫ്ലോർ, ഫസ്റ്റ്ഫ്ലോർ എന്നിവ മാത്രമാണ് പഞ്ചായത്ത് അനുമതിയോട് കൂടി നിർമ്മിച്ചിട്ടുള്ളത് . സ്ഥല പരിശോധനയിൽ ഇതിന് മുകളിലേക്ക് രണ്ട് നിലകൾ കൂടി പണിതതായി കാണുന്നു. ആയത് കേരള കെട്ടിട നിർമ്മാണ ചട്ട പ്രകാരം ക്രമവൽക്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

B) കെട്ടിട ഉടമസ്ഥൻ - ശ്രീ.മരക്കാർ

സർവേ നമ്പർ - 342/12,342/11

കെട്ടിടത്തിന്റെ തരം - വാണിജ്യ കെട്ടിടം

ക്രമവൽക്കരണ അപേക്ഷ നൽകിയ തിയ്യതി - 21.05.2020 ( A1-2156/2020)

പൂർത്തീകരണ അപേക്ഷ പ്രകാരം വിസ്തൃതി - 464.73 M2

നൽകിയ നമ്പർ - 9/430 A T0 R(20-21 l Half മുതൽ )

മേൽ അപേക്ഷ പ്രകാരം 464.73 ച.മീ കെട്ടിടം ക്രമവൽക്കരിക്കുന്നതിനാണ് അപേക്ഷ നൽകിയിരിക്കുന്നത്. കെട്ടിടത്തിന്റെ ക്രമവൽക്കരണ പ്ലാൻ പരിശോധിച്ചതിൽ കെട്ടിടത്തിന് 6 കാർ പാർക്കിംഗ് ആവശ്യമുണ്ട് എന്ന് കാണിക്കുകയും അത് കെട്ടിടത്തിന്റെ മുൻവശത്തും താഴത്തെ നിലയിൽ കെട്ടിടത്തിനകത്തുമായാണ് കാണിച്ചത്. എന്നാൽ പാർക്കിംഗ് കാണിച്ചിരിക്കുന്ന വാഹനങ്ങൾക്ക് 3 മീറ്ററിൽ കുറയാത്ത ഡ്രൈവ് വേ, വാഹനം തിരിക്കുന്നതിനുള്ള സ്ഥലം എന്നിവ പ്ലാൻ പ്രകാരം ലഭ്യമല്ല. ഡ്രൈവ് വേ നൽകുകയാണെങ്കിൽ കെട്ടിടത്തിന് ആവശ്യമായ കാർ പാർക്കിംഗ് സ്ഥലം ഈ കെട്ടിടത്തിന് ഇല്ല.

ചട്ടത്തിലെ മേൽ നിർദ്ദേശം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് തെറ്റായ റിപ്പോർട്ട് നൽകി നമ്പർ നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 കെട്ടിട നികുതി -അധിക നിരക്ക് ഈടാക്കി

കെട്ടിട ഉടമസ്ഥൻ - ശ്രുമതി.സക്കീന മുതൽ പേർ

സർവേ നമ്പർ - 329/4-1

കെട്ടിടത്തിന്റെ തരം - വാണിജ്യ കെട്ടിടം

ക്രമവൽക്കരണ അപേക്ഷ നൽകിയ തിയ്യതി - 07.01.2020 ( A1-148/2020)

പൂർത്തീകരണ അപേക്ഷ പ്രകാരം വിസ്തൃതി - 36.93 M2

നൽകിയ നമ്പർ - 9/11 B,C

പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്ത വസ്തു നികുതി നിരക്ക് പ്രകാരം 100 ച.മീ വരെയുള്ള വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിരക്ക് ച.മീ ന് 40 രൂപയും , 100 ച.മീ ന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിരക്ക് ച.മീറ്ററിന് 60 രൂപയും ആണ്.

മേൽ അപേക്ഷ പ്രകാരം കെട്ടിട നമ്പർ അനുവദിക്കപ്പെട്ട ശ്രീമതി. സക്കീന മുതൽ പേരുടെ ഉടമസ്ഥതയിലുള്ള 9/11 B,C നമ്പർ കട മുറികൾക്ക് നികുതി നിശ്ചയിച്ചപ്പോൾ 100 ച.മീ ന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിരക്ക് ആയ ച.മീറ്ററിന് 60 രൂപയാണ് ഈടാക്കിയിരിക്കുന്നത്.

അധിക നിരക്കിൽ നികുതി ഈടാക്കിയത് പുനഃക്രമീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 04/20-21 തി.22-04-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-15 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകിയത് - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച്.

പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുവടെ ചേർത്ത കെട്ടിടങ്ങൾ പട്ടികയിൽ ചേർത്ത വ്യക്തികൾക്ക് ലേലം ചെയ്ത് നൽകിയതും ആയത് വർഷങ്ങളായി പുതുക്കി പോരുന്നതുമാണ്.

| കെട്ടിട നമ്പർ | വാടകക്കാരൻ | പ്രതി മാസ വാടക | റിമാർക്സ് |
|---|---|---|---|
| 2/291 | അബ്ബാസ് ഹാജി | 320 | 60/20-21 നമ്പർ ആയി ലൈസൻസ് അനുവദിച്ചു. |
| 2/293 | താന്നിയൻ അലവിക്കുട്ടി | 1560 | |
| 2/294 | അബ്ദുൽ റഷീദ് കോടാലി | 1142 | |
| 2/295 | ഹംസ ഹാജി നെല്ലിക്കാട്ട് | 940 | |
| 2/296 | മുസ്ഥഫ.ടി | 5106 | |
| 2/297 | ബീരാൻ മഞ്ചേരിത്തൊടി | 1745 | |

2020-21 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മേൽ പട്ടികയിലെ ക്രമ നമ്പർ 1 ആയ അബ്ബാസ് ഹാജി എന്നയാൾ മാത്രമാണ് പഞ്ചായത്ത് ലൈസൻസോട് കൂടി സ്ഥാപനം നടത്തുന്നത്. ബാക്കി സ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ നിന്നുള്ള അനുമതിയോട് കൂടിയല്ല സ്ഥാപനം പ്രവർത്തിപ്പിക്കുന്നത് എന്നാണ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മതിയായ അനുമതിയോട് കൂടിയല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 13/20-21 . തി.25-04-2022) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന വിവരമാണ് ലഭ്യമാക്കിയത്.

കോഴിക്കോട് പാലക്കാട് ദേശീയ പാത, മഞ്ചേരി – കോഴിക്കോട് പാതക്കിരുവശവുമായി ധാരാളം വ്യാപാര സ്ഥാനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആകെ 415 ലൈസൻസ് മാത്രമാണ് പഞ്ചായത്ത് 20-21 വർഷത്തിൽ അനുവദിച്ചിട്ടുള്ളത്. ധാരാളം സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നുള്ള അനുമതിയോട് കൂടിയല്ലാതെ പ്രവർത്തിക്കുന്നുണ്ടെന്നാണ് ഇതിൽ നിന്ന് മനസ്സിലാകുന്നത്. തൻമൂലം പഞ്ചായത്തിന് ലൈസൻസ് ഫീ, തൊഴിൽ നികുതി ഇനങ്ങളിലായി വരുമാന ചോർച്ച സംഭവിക്കുന്നുമുണ്ട്. പഞ്ചായത്തിൽ നിന്നുള്ള അനുമതിയോട് കൂടി മാത്രമേ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതും ആയതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്ക് നൽകി. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 9099 രൂപ തിരിച്ചടവാക്കി

ചുവടെ ചേർത്തിട്ടുള്ള റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയിൽ 1:2:4 (Using 40 Mm) Cement Concreting

ചെയ്തിട്ടുള്ളതിന് MORD സ്പെസിഫിക്കേഷൻ കോഡ് 11.4.3.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് ഫോം വർക്ക് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ ടി പ്രവൃത്തിയിൽ ഫോം വർക്ക് ചെയ്തിട്ടില്ലെന്ന് സ്ഥല പരിശോധനയിൽ വ്യക്തമായി. ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിക്ക് ഫോം വർക്ക് കുറച്ച നിരക്കാണ് (Observed Data പ്രകാരമുള്ള നിരക്ക് -7259.55/m3 ) അനുവദിക്കേണ്ടത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കോൺക്രീറ്റിംഗിന് അനുവദിച്ച തുക | അനുവദിക്കാവുന്ന തുക (Observed Data) | കരാറുകാരന് അധികം അനുവദിച്ച തുക (ജി.എസ്.ടി. ഉൾപ്പെടെ) |
|---|---|---|---|---|
| 1 | ചീനിക്കൽ പരപ്പതൊടി നെടുംപറമ്പിൽ റോഡ് പുനരുദ്ധാരണം<br>പ്രോജക്ട് നമ്പർ-180/21<br>സാങ്കേതികാനുമതി തുക-430000<br>കരാറുകാരൻ - ശ്രീ. സൽമാൻ. ടി<br>എം.ബുക്ക്- 106/19-20<br>മൂല്യനിർണ്ണയം - 429428<br>ബിൽ നം-106/14.1.2021, 107428 രൂപ<br>ചെക്ക് നമ്പർ-5234156/7.12.2020, 322000 രൂപ<br>Cost Index-31.06% (2016 DSR) | 28.921 M3 X7540.46/m3 = 218077 രൂപ | 28.921 M3 X7259.55/m3 = 209953 രൂപ | 9099 |

അധിക നിരക്ക് നൽകിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 5/ 25.4.2022 നൽകിയതിനെ തുടർന്ന് അധികം നൽകിയ 9099 രൂപ രശീതി നമ്പർ- 1220100197/26.4.2022 പ്രകാരം തിരിച്ചടവാക്കി.
മേലിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ഓവർ ഹെഡ് ചാർജ് 5% കുറവ് ചെയ്തില്ല.

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികം വകയിരുത്തുന്നുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യനിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ

തൊഴിലാളി ക്ഷേമനിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഈ ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ഇപ്രകാരം 5% കുറവ് ചെയ്യാതിരുന്നതിനാൽ കൺവീനർമാർക്ക് ചുവടെ കൊടുത്തിട്ടുള്ള വിധം അധിക തുക നൽകാനിടയായിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട തുക (5%) |
|---|---|---|
| 1 | തേനിക്കൽ മുക്ക് റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നമ്പർ- 250/21<br>കൺവീനർ - ശ്രീ. സൽമാൻ.ടി.<br>സാങ്കേതികാനുമതി- 50000<br>എം.ബുക്ക്- 13/20-21<br>എഗ്രിമെന്റ്- 29/20-21,തി- 23.10.2020<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>മൂല്യ നിർണ്ണയം- 48391<br>ചെക്ക് നമ്പർ- 5234158/20.2.2021, 48391 രൂപ | 48391x5 = 2251<br>107.5 |
| 2 | മൈലാടി കുടിവെള്ള പദ്ധതി വിപുലീകരണം<br>പ്രോജക്ട് നമ്പർ- 263/21<br>കൺവീനർ - ശ്രീ. ഷാജി. സി.പി.<br>സാങ്കേതികാനുമതി- 40000<br>എം.ബുക്ക്-<br>എഗ്രിമെന്റ്- 27/20-21,തി- 23.10.2020<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>മൂല്യ നിർണ്ണയം- 31022<br>ബിൽ നമ്പർ- 118/20.1.2021, 31022 രൂപ | 31022x5 = 1443<br>107.5 |
| | ആകെ | 3694 |

5 ശതമാനം കുറവ് ചെയ്യാതെ കൺവീനർമാർക്ക് ബിൽ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 6/25.4.2022 നുള്ള മറുപടിയിൽ കൺവീനർ വർക്കുകളിൽ ഓവർ ഹെഡ് ചാർജസ് കുറക്കണമായിരുന്നെങ്കിൽ ചീഫ് എഞ്ചിനീയറുടെ കത്ത് പ്രകാരം പ്രൈസ് സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ വരേണ്ടതായിരുന്നു എന്നും ഇപ്രകാരം പ്രൈസ് സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ വരുത്തിയിട്ടില്ലാത്തതിനാൽ ചീഫ് എഞ്ചിനീയറുടെ മേൽ കത്ത് പ്രകാരം നടപടി സ്വീകരിക്കാനാവില്ലെന്നുമാണ് അറിയിച്ചത്. സോഫ്റ്റ്‌വെയറിൽ അപ്ഡേഷൻ വരുത്തിയില്ല എന്നത് കൊണ്ട് നികുതിയടക്കാൻ വകയിരുത്തിയ തുക കൂടി കൺവീനർക്ക് നൽകിയ നടപടി അംഗീകരിക്കാൻ കഴിയില്ല. 5 ശതമാനം കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ തുക നൽകേണ്ടതെന്ന് മേൽ കത്തിൽ വ്യക്തമാണ്. ആയതിനാൽ കൺവീനർമാർക്ക് അധികം നൽകിയ 3694 രൂപ തിരിച്ചടവാക്കേണ്ടതാണ്. വിശദാംശത്തിന് ഭാഗം 3-1 കാണുക.

## 1-18 ഷീറ്റ് റൂഫിംഗ് – നിരക്ക് കണക്കാക്കിയതിലെ അപാകത മൂലം അധികച്ചെലവ് വന്നു.

വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്യതിന് 0.35 Mm GI പ്രൊഫൈൽ ഷീറ്റിന് ഒബ്സർവ്ഡ് ഡാറ്റ പ്രകാരം 607.83/$m^2$ എന്ന നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് (കോസ്റ്റ് ഇൻഡക്സ്- 31.06) . ഡാറ്റ പ്രകാരം നിരക്ക് കണക്കാക്കിയതിൽ അപാകത ശ്രദ്ധയിൽപ്പെട്ടു.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് നാഷണൽ ബിൽഡിംഗ് കോഡ് അനുസരിച്ചുള്ള DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ നിരക്ക് കണക്കാക്കിയിട്ടുള്ളൂ. അതിനാലാണ് കുറവ് കനമുള്ള 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ

തയ്യാറാക്കേണ്ടി വരുന്നത്.

ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ എന്നതിനാൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ GI ഷീറ്റിന് പകരം പി.വിസി കൊറുഗേറ്റഡ് ഷീറ്റിനുള്ള നിരക്കും അളവുകളും ഉപയോഗിച്ചാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. ഇതുമൂലം ഷീറ്റ് പ്രവൃത്തിക്ക് അധികച്ചെലവുണ്ടായിട്ടുണ്ട്. അനുവദനീയമായ നിരക്കിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.60 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.65 |
| Cost For 216.14sqm | | | | | 84901.65 |
| Cost For 1 Metre | | | | | 392.81 |
| Add Water Charge1% | | | | | 3.93 |
| Total | | | | | 396.74 |
| Add CPOH 15% | | | | | 59.51 |
| Cost Index 31.06% (Excluding MR) | | | | | 24.71 |
| Total | | | | | 480.96 |

ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതിലെ അപാകത കാരണം മീറ്റർ സ്ക്വയറിന് 100 രൂപയിലധികം ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം വിവിധ മരാമത്ത് പ്രവൃത്തികൾക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. അധിക തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12% ജി.എസ്.ടി. ഉൾപ്പെടെ) |
|---|---|---|---|---|
| ജി.എം.എൽ.പി.എസ്. പൂക്കോട്ടൂർ സമഗ്ര വികസനം (238/21)<br>TS- 500000<br>മൂല്യ നിർണ്ണയം - 484142<br>ബിൽ -126/1.3.2021 , 404801 രൂപ | Item No.13<br>210.836 $M^2$ | 128152<br>@607.83 /$m^2$ | 101404<br>@480.96 | 26748+3210<br>=29958 |

| | | | | |
|---|---|---|---|---|
| ബിൽ- 116/ 14.1.2021 , 79341 രൂപ<br>കോൺട്രാക്ടർ - ശ്രീ . ജാഫർ.സി,<br>കോസ്റ്റ് ഇൻഡക്സ് - 31.06%<br>അളവ് പുസ്തകം-- 74/19-20 | | | | |
| അത്താണിക്കൽ സബ്സെന്റർ പുനരുദ്ധാരണം (241/21)<br>TS- 175000<br>മൂല്യ നിർണ്ണയം - 155957<br>ബിൽ - 140/20-21 , തി-26.3.2021, തുക -155957 രൂപ<br>കോൺട്രാക്ടർ ശ്രീ . കുഞ്ഞായമു. എം.<br>കോസ്റ്റ് ഇൻഡക്സ് --31.06 %<br>അളവ് പുസ്തകം - 124/20-21 | Item No.2<br>62.265 $M^2$ | 37847<br>@607.83/$m^2$ | 29947<br>@480.96/$m^2$ | 7900+948=<br>8848 |
| ആകെ | | | | 38806 |

അധിക നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 7/25.04.2022 നുള്ള മറുപടിയിൽ ടി- നിരക്ക് നല്ല ഗുണമേൻമയുള്ള ഷിറ്റ് മേയുന്നതിന് ആവശ്യമാണ് എന്നാണ് അറിയിച്ചത്. ഇത് അധിക നിരക്ക് നൽകുന്നതിന് മതിയായ വിശദീകരണമല്ല. ആയതിനാൽ അധികം നൽകിയ തുക തെറ്റായ രീതിയിൽ ഒബ്സർവ്ഡ് ഡാറ്റയുണ്ടാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-19 ഇ-ടെണ്ടർ പ്രകാരമുള്ള ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.

ജി.ഒ. (എം.എസ്) നമ്പർ 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില (ജി.എസ്.ടി.യുൾപ്പെടെ) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യുന്നത്. ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ജി.ഒ. (എം.എസ്).3186/2017 /LSGD/2-10-2017 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് നാളിതു വരെ ഇ- ടെണ്ടറിനായി അക്കൗണ്ട് തുടങ്ങിയിട്ടില്ല. ഇക്കാരണത്താൽ ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല.

ഇ- ടെണ്ടറിനായി അക്കൗണ്ട് തുടങ്ങാത്തതിനും ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ ഗ്രാമ പഞ്ചായത്തിന് ലഭിക്കുവാനുള്ള തുക തിരികെ ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -6/25.4.2022 നുള്ള മറുപടിയിൽ ടി- ആവശ്യത്തിന് വേണ്ടി കറന്റ് അക്കൗണ്ട് തുടങ്ങുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും നാളിതു വരെയായി ടെണ്ടർ ഫീ ഇനത്തിൽ 141405 രൂപ എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിക്കാനുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

തുക തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 പരിരക്ഷ പദ്ധതി- മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല.

പരിരക്ഷാപദ്ധതി (1/21) യുടെ ഭാഗമായി മരുന്ന് ലഭ്യമാക്കുന്നതിന് ബിൽ നമ്പർ- 2/12.01.2021 പ്രകാരം 3,61,261 രൂപ പിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപറേഷൻ (ലിമി.) ന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ചുവടെ ചേർത്തിട്ടുള്ള വിധം 3,36,654 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. 24607 രൂപയുടെ മരുന്ന് കൂടി ലഭിക്കാനവശേഷിക്കുന്നു.

ലഭിച്ച മരുന്നിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| 89/6.4.2021 | 4109 |
| 1866/27.5.21 | 81130 |
| 3014/28.6.21 | 28613 |
| 3015/28.6.2021 | 100610 |
| 3477/7.7.21 | 52745 |
| 7434/16.10.21 | 3528 |
| 7440/16.10.21 | 43262 |
| 7441/16.10.21 | 17141 |
| 10260/18.12.21 | 1957 |
| 12859/11.2.22 | 3559 |
| ആകെ | 336654 |

ബാക്കി മരുന്ന് കൂടി ലഭ്യമാക്കുന്നതിന് 11.4.2022 ന് കെ.എം.എസ്.സി.എൽ.ന് മെഡിക്കൽ ഓഫീസർ കത്ത് നൽകിയതായി ഫയലിൽ കാണുന്നു. എന്നാൽ കോർപറേഷനിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല. മുഴുവൻ മരുന്നും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -9/25.4.2022 നുള്ള മറുപടിയിൽ മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്.

## 1-21 ദുരിതാശ്വാസ നിധി തൻവർഷം രൂപീകരിച്ചിരുന്നില്ല.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിര സഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിരുന്നില്ല. ചട്ട പ്രകാരം ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾ നടപ്പാക്കാത്തതിന് കാരണം വിശദീകരിക്കേണ്ടതാണ് എന്നറിയിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 /23-4-2022ന് ലഭിച്ച മറുപടിയിൽ, 4/8/2021 മുതൽ കേരള ഗ്രാമീണ ബാങ്കിൽ 40146101084267 ആയി എക്കൗണ്ട് ആരംഭിച്ച് നിധി രൂപീകരിച്ച വിവരം അറിയിച്ചു.

## 1-22 ഡെപ്പോസ്റ്റ് പ്രവൃത്തി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ പത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം. പേര് | ചെലവ് തുക | ബിൽ / ചെക്ക് | ഏജൻസി |
|---|---|---|---|

| | | | |
|---|---|---|---|
| 224/20-21 (So) മണക്കോട് ചാലിപ്പറമ്പ് ലൈൻ മാറ്റൽ | 20037 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 11/27.08.20 | KSEB വള്ളുവമ്പ്രം സെക്ഷൻ |

പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് ഓൻക്വയറിക്ക് (നം. 02/20-21/23.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 20037/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-23 IKM ന് വിഹിതം നൽകിയത്- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം.07/20-21 പ്രകാരം IKMനുള്ള പഞ്ചായത്ത് വിഹിതമായി വികസനഫണ്ടിൽ നിന്നും 9933/-രൂപ (ബിൽ നം.21/25.01.21) നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് ഓൻക്വയറിക്ക്(നം. 02/20-21/23.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-24 അഗതിരഹിത കേരളം പദ്ധതി കാര്യക്ഷമമല്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ സേവനത്തിന് തുടർന്നും അർഹരായവരെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയ്ക്കാണ് രണ്ടാം ഘട്ട അഗതിരഹിത കേരളം പദ്ധതി ആരംഭിച്ചത്. ഇതു സംബന്ധിച്ച് സ.ഉ(എംഎസ്) നം 252/2017/തസ്വഭവ തി. 12.12.2017 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സമൂഹത്തിന്റെ താഴെ തട്ടിലുള്ള അവശ ജനവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിയാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.03.19 ലെ കെ.എസ്.എൽ/7292/2018 ഉത്തരവ് പ്രകാരം 99 ഗുണഭോക്താക്കൾക്ക് ആകെ 2498400/-രൂപ ചലഞ്ച് ഫണ്ടും 3949000/-രൂപ പ്ലാൻഫണ്ടും 394500/-രൂപ സ്പോൺസർഷിപ്പ് തുകയും ഉൾപ്പെടുത്തി ആകെ 6841900/-രൂപയുടെ മൂന്ന് വർഷ കാലാവധിയിലുള്ള പദ്ധതിക്ക് 2019ൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ചലഞ്ച് ഫണ്ടിൽ ആദ്യഗഡുവായി ലഭ്യമായ 171262/-രൂപ ചെക്ക് നം.111916/15.06.20 പ്രകാരം കുടുംബശ്രീയുടെ അഗതികേരളം അക്കൗണ്ടിലേക്ക് (CDS ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവരുടെ സംയുക്ത അക്കൗണ്ട്) നൽകുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഭക്ഷണ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 2019 സപ്തംബർ മുതൽ 2020 ഒക്ടോബർ വരെയുള്ള മാസങ്ങളിലും 2021 ഫെബ്രുവരി മാസത്തിലും (15 മാസം) ഭക്ഷണ വിതരണം നടത്തിയിട്ടില്ല. എന്നാൽ അഗതികേരളം അക്കൗണ്ടിൽ 31.09.19ന് 1274032രൂപയും 31.03.20ന് 1116986രൂപയും 31.03.21 ന് 915995രൂപയും നീക്കിയിരിപ്പുണ്ട്. ഇതിൽ മുൻ വർഷങ്ങളിൽ ലഭ്യമായ പ്ലാൻഫണ്ടും ചലഞ്ച്ഫണ്ടും ഉൾപ്പെടുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/26.04.22) ചലഞ്ച് ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് ഭക്ഷണ വിതരണം നടത്താതിരുന്നതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. അഗതിരഹിത കേരളം മാർഗ്ഗരേഖ ഖണ്ഡിക 3.2.1.2 പ്രകാരം ഏതെങ്കിലും അവസരത്തിൽ ചലഞ്ച്ഫണ്ടോ, പലിശയോ ലഭ്യമല്ല എങ്കിൽ പദ്ധതിയുടെ ഏതൊരാവശ്യത്തിനും വികസനഫണ്ട് ഉപയോഗിക്കാവുന്നതാണ്. കൂടാതെ വികസനഫണ്ടിലെ തുക അതിജീവനാവശ്യങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, മാനസിക വികസനം എന്നിവക്ക് ഉപയോഗിക്കാനുള്ളതുമാണ്. ആദ്യഗഡു ചലഞ്ച് ഫണ്ട് ലഭിച്ചിട്ടും 4 മാസത്തിന് ശേഷമാണ് ഭക്ഷണക്കിറ്റ് നൽകിയിട്ടുള്ളത്. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. മതിയായ ഫണ്ട് അക്കൗണ്ടിൽ ഉണ്ടായിട്ടും അഗതികളുടെ ആവശ്യമായ അതിജീവന, അടിസ്ഥാന സൗകര്യങ്ങളൊന്നും നൽകാതിരുന്നത് അംഗീകരിക്കാവുന്നതല്ല.

2) ബാങ്ക് അക്കൗണ്ടിൽ 31.03.21 ന് നീക്കിയിരിപ്പുള്ള 915995രൂപയുടെ ഫണ്ട് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ക്യാഷ് ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത അക്കൗണ്ടിന്റെ വാർഷിക റിക്കൺസിലിയേഷൻ നടത്തിയതായി കാണുന്നില്ല.

3) പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഓരോ കുടുംബത്തിനും പരിചരണ സേവനങ്ങളുടെ പാക്കേജ് നിർബന്ധമായും നടപ്പിലാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭക്ഷണകിറ്റ് വിതരണത്തിന് മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. പ്രത്യേകം പ്രോജക്ട് വെച്ച് പ്ലാൻ ഫണ്ടിൽ നിന്നും ഒരു ഗുണഭോക്താവിന് വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്. വീട് റിപ്പയറിനും വിദ്യാഭ്യാസ ആവശ്യങ്ങൾ, ആരോഗ്യം, വസ്ത്രം, പെൻഷൻ തുടങ്ങിയ അതിജീവന ആവശ്യങ്ങളും മാനസിക ആവശ്യങ്ങളും, വികസന ആവശ്യങ്ങളും പരിഗണിച്ചിട്ടില്ല. സ്പോൺസർഷിപ്പും ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടില്ല. പദ്ധതിക്കാലയളവിൽ ഗുണഭോക്താക്കൾക്ക് എല്ലാ സേവനങ്ങളും ലഭ്യമാകുന്നുണ്ടെന്ന്

നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

4) പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം വിലയിരുത്തൽ സമിതിയിൽ നിക്ഷിപ്തമാണ്. വിലയിരുത്തൽ ഉപസമിതി ഓരോ മൂന്നു മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തേണ്ടതാണ്. എന്നാൽ 25.01.19 ന് ശേഷം 11.11.20ൽ മാത്രമാണ് വിലയിരുത്തൽ സമിതി കൂടിയിട്ടുള്ളത്.

അഗതി കേരളം പദ്ധതിയുടെ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അഗതിരഹിത കേരളം പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് മെമ്പർ സെക്രട്ടറിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ഗവ.അംഗീകൃത പാലിയേറ്റീവ് യൂണിറ്റിന് മരുന്നും സാമഗ്രികളും വാങ്ങൽ- മുഴുവൻ സാധന സാമഗ്രികളും ലഭ്യമായിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പൂക്കോട്ടൂർ

പ്രോജക്ട് നമ്പർ- 218/21

അടങ്കൽ- 2 ലക്ഷം

ചെലവ്- 1 ലക്ഷം ( ബ്ലോക്ക് വിഹിതം)

മേൽ പ്രോജക്ടിന്റെ ഭാഗമായി "സ്പർശം " കെ.ഐ. മുഹമ്മദാജി മെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റിക്ക് മരുന്നും സാധന സാമഗ്രികളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമി. ന് 1 ലക്ഷം രൂപ കൈമാറിയിട്ടുണ്ട്. (ചെക്ക് നമ്പർ- 4552114/29.3.21) . എന്നാൽ ചുവടെ ചേർത്തത് പ്രകാരം 88586 രൂപയുടെ മരുന്നുകളും സാമഗ്രികളും മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 11414 രൂപയുടെ സാമഗ്രികൾ ലഭ്യമായിട്ടില്ല.

ലഭിച്ചതും ലഭിക്കാനുള്ളതുമായ സാധന സാമഗ്രികളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl.no | Product Name | Received Quantity | Quantity To Be Received |
|---|---|---|---|
| 1 | Oxygen Cylinder 40CFT B Type | 2 | |
| 2 | Oxygen Cylinder Trolley | 1 | |
| 3 | Back Rest (24” LX20”) | 4 | |
| 4 | Nebulizer (Life Care) | 5 | |
| 5 | Walking Cane | 5 | |
| 6 | Wheel Chair | 8 | 1 |
| 7 | Cotton Wool 400 Gm | 2 | 1 |
| 8 | Oxygen Flow Meter With Humidifier | 1 | 1 |
| 9 | Gloves Sterile 6.5” | 9 | |
| 10 | Gauze Bandage | 4 | 1 |
| 11 | Commode Chair | 3 | |
| 12 | Walker ADJ: FOLDING ALU.ADLT | 9 | |
| 13 | BP Apparatus | | 4 |
| 14 | Oxygen Cylinder Spanner | | 2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -10/25.4.2022 നുള്ള മറുപടിയിൽ ഇക്കാര്യത്തിൽ കെ.എം.എസ്.സി.എൽ ന് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുമെന്നും അറിയിച്ചു മുഴുവൻ ഉപകരണങ്ങളും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഓവർ ഹെഡ് ചാർജ് 5% കുറവ് ചെയ്തില്ല.

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികം വകയിരുത്തുന്നുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യനിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഈ ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ഇപ്രകാരം 5% കുറവ് ചെയ്യാതിരുന്നതിനാൽ കൺവീനർമാർക്ക് ചുവടെ കൊടുത്തിട്ടുള്ള വിധം അധിക തുക നൽകാനിടയായിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട തുക (5%) |
|---|---|---|
| 1 | തേനിക്കൽ മുക്ക് റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നമ്പർ- 250/21<br>കൺവീനർ - ശ്രീ. സൽമാൻ.ടി.<br>സാങ്കേതികാനുമതി- 50000<br>എം.ബുക്ക്- 13/20-21<br>എഗ്രിമെന്റ്- 29/20-21,തി- 23.10.2020<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>മൂല്യ നിർണ്ണയം- 48391<br>ചെക്ക് നമ്പർ- 5234158/20.2.2021, 48391 രൂപ | 48391x5 = 2251<br>107.5 |
| 2 | മൈലാടി കുടിവെള്ള പദ്ധതി വിപുലീകരണം<br>പ്രോജക്ട് നമ്പർ- 263/21<br>കൺവീനർ - ശ്രീ. ഷാജി. സി.പി.<br>സാങ്കേതികാനുമതി- 40000<br>എം.ബുക്ക്-<br>എഗ്രിമെന്റ്- 27/20-21,തി- 23.10.2020<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>മൂല്യ നിർണ്ണയം- 31022<br>ബിൽ നമ്പർ- 118/20.1.2021, 31022 രൂപ | 31022x5 = 1443<br>107.5 |
| | ആകെ | 3694 |

5 ശതമാനം കുറവ് ചെയ്യാതെ കൺവീനർമാർക്ക് ബിൽ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 6/25.4.2022 നുള്ള മറുപടിയിൽ കൺവീനർ വർക്കുകളിൽ ഓവർ ഹെഡ് ചാർജസ് കുറക്കണമായിരുന്നെങ്കിൽ ചീഫ് എഞ്ചിനീയറുടെ കത്ത് പ്രകാരം പ്രൈസ് സോഫ്റ്റ്വെയറിൽ അപ്ഡേഷൻ വരേണ്ടതായിരുന്നു എന്നും ഇപ്രകാരം പ്രൈസ് സോഫ്റ്റ്വെയറിൽ അപ്ഡേഷൻ വരുത്തിയിട്ടില്ലാത്തതിനാൽ ചീഫ് എഞ്ചിനീയറുടെ മേൽ കത്ത് പ്രകാരം നടപടി സ്വീകരിക്കാനാവില്ലെന്നുമാണ് അറിയിച്ചത്. സോഫ്റ്റ് വെയറിൽ അപ്ഡേഷൻ വരുത്തിയില്ല എന്നത് കൊണ്ട് നികുതിയടക്കാൻ വകയിരുത്തിയ തുക കൂടി കൺവീനർക്ക് നൽകിയ നടപടി അംഗീകരിക്കാൻ കഴിയില്ല. 5 ശതമാനം കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ തുക നൽകേണ്ടതെന്ന് മേൽ കത്തിൽ വ്യക്തമാണ്. ആയതിനാൽ കൺവീനർമാർക്ക് അധികം നൽകിയ 3694 രൂപ തിരിച്ചടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2020-21 | 18-04-22 മുതൽ 26-04-22 വരെയുള്ള ഓഡിറ്റ് വേളയിൽ പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | പ്രോ.നം-218/20-21 ഗവൺമെന്റ് അംഗീകൃത പാലിയേറ്റീവ് കെയറിന് മരുന്നും സാധനങ്ങളും വാങ്ങൽ | 100000 | 0 |
| | 350000 | പ്രോ.നം 15/20-21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 350000 | 0 |
| | 636295 | 208/20-21 ലൈഫ് ഭവന പദ്ധതി (എസ്.സി) | 636295 | 0 |
| | 241830 | ലൈഫ് ഭവന പദ്ധതി (ജനറൽ) So | 241830 | 0 |
| ജില്ലാ പഞ്ചായത്ത് | 500000 | പ്രോ.നം 15/20-21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 500000 | 0 |
| | 810 | ലൈഫ് ഭവന പദ്ധതി (ജനറൽ) So | 810 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ഫണ്ടിന്റെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ബില്ല്/ ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പ്രോജക്ട് നമ്പർ. 224/20-21(SO) മണക്കോട് ചാലിപ്പറമ്പ് ലൈൻ മാറ്റൽ | 11/27.08.20 | 20037 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 20037 |

## 4-4 മൊബിലൈസേഷൻ നൽകിയതിന്റെ വിവരം

ഇല്ല.

## 4-5 വായ്പ/ തിരിച്ചടവിന്റെ വിവരം

| ക്രമ നം | വായ്പയുടെ ഉദ്ദേശം | ഉത്തരവ് നം/തിയ്യതി | വായ്പ തുക (തൻവർഷം ലഭിച്ചത്) | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം തിരിച്ചടച്ചത് | | ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി | ലഭ്യമല്ല | 0 | 2444419 | 175529 | - | 2268890 |

## 4-6 സ്ഥിര നിക്ഷേപത്തിന്റെ വിവരം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2712789 |
| തൻവർഷം നിക്ഷേപിച്ച തുക | 223805 |
| ആകെ | 2936594 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2936594 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം (ബാങ്ക്) | തുക | രശീതി നം തിയതി. |
|---|---|---|
| വള്ളുവമ്പ്രം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് -Ltd-No.F-1564 (Fixed Deposit) | 2936594 | R12732/05.03.21 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ്റിപ്പോർട്ട് വർഷം/ ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2013-14 | | 09-10, 10-11/ 3(21) | ലഘു അവലോകനം | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2014-15 | | 2011-12/ 3(1) | നിഷ്ക്രിയാസ്തി അവലോകനം | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2016-17 | | 2014-15/ 2(3),2(1) | വസ്തു നികുതി/ തൊഴിൽ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

| | | | | |
|---|---|---|---|---|
| | | | നികുതി | |
| 2016-17 | | 2015-16/ 2(2) | വസ്തു നികുതി/ തൊഴിൽ നികുതി | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

## 4-9 സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | RR ലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| | | | | നമ്പറും തിയ്യതിയും | തുക | തുക | | | | | |
| 1 | 1998-99 | 57 (1)(2) | എ വി ചന്ദ്രൻ സെക്രട്ടറി | L.F2711/ Spl Cell/ SC5/04 Dtd.16.3.04 | 5941 | 5941 (70101/80 /14.6.12) | - | - | - | 5941 | 0 |
| 2 | 2004-05 | 3(3) 3(6) 3(9) | പി ബൈജു രാജൻ സെക്രട്ടറി | L.F19757/ Spl Cell/ SC5/09 Dtd 22.7.11 | 21537 | 21537 33/ 22.8.14 | DCRG യിൽ നിന്നും തുക ഈടാക്കി | - | - | 21537 | 0 |
| 3 | 2000-01 | 35(2) 36(1)(2) 37(1)(2) 38(1)(2) 40 | ഒ. സുലൈമാൻ കുട്ടി എ.എ.ഇ | L.F19757/ Spl Cell/ SC5/04 Dtd.18.9.16 | 12121 | 12121 (5490/ 5,6,7, 8,9) | - | - | - | 12121 | 0 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,92,14,294 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,06,97,721 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3694 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20037 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 3694 | 2251 - ശ്രീമതി.മിനിമോൾ.എൻ അസി.എഞ്ചിനീയർ<br>1443 – ശ്രീമതി. വിമല. പി.പി, അസി.എഞ്ചിനീയർ |
| ആകെ | | 3694 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 20,037 | ആർ. രാജേഷ് , സെക്രട്ടറി |
| ആകെ | 20,037 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. വിമല. പി.പി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മങ്കട ബ്ലോക്ക് പഞ്ചായത്ത് | നവനീത് അപ്പാർട്ട്മെന്റ്, പട്ടാമ്പി റോഡ്, പെരിന്തൽമണ്ണ 674 322 |
| ശ്രീ. അനിൽദാസ്. കെ.ടി, അസി. എക്സി. എഞ്ചിനീയർ | അസി.എക്സി. എഞ്ചിനീയർ, മങ്കട ബ്ലോക്ക് പഞ്ചായത്ത് | പാലേംകുന്ന്, നറുകര. പി.ഒ,മഞ്ചേരി, പിൻ- 676122 |
| ശ്രീമതി.മിനിമോൾ.എൻ അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മലപ്പുറം നഗരസഭ | മിന്നാരം (H), താഴ്‌വാരം, അപ്ഹിൽ, മലപ്പുറം – 676 505 |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93<br>1993-94 | എൽ എഫ് എം/14/677/97 തീയതി.19.10.10 | 15 |
| 1994-95<br>1995-96 | എൽ എഫ് എം/14/450/01 തീയതി.19.10.10 | 12 |

| | | |
|---|---|---|
| 1998-99 | എൽ എഫ് എം17/1330/03 തീയതി.19.10.10 | 28 |
| 1999-00 | എൽ എഫ് എം.17/68803 തീയതി.19.10.10 | 5 |
| 2000-01 | എൽ എഫ് എം17/377/04 തീയതി.19.10.10 | 36 |
| 2001-02 | എൽ എഫ് എം171196/03 തീയതി.19.10.10 | 6 |
| 2002-03 | എൽ എഫ് എം17/1732/04 തീയതി.19.10.10 | 11 |
| 2003-04 | എൽ എഫ് എം17/2074/06 തീയതി.19.10.10 | 23 |
| 2004-05 | എൽ എഫ് എം10/932/09 തീയതി.19.10.10 | 21 |
| 2005-06 | കെഎസ്എഎംപിഎം11/1993/10 തീയതി.31.10.15 | 25 |
| 2006-07 | എൽ എഫ് എം10/443/09 തീയതി.19.10.10 | 47 |
| 2007-08 | കെഎസ്എഎംപിഎം10/249/11 തീയതി.2.7.12 | 9 |
| 2008-09 | എൽ എഫ് എം10/2493/11 തീയതി.2.7.12 | 12 |
| 2009-10<br>2010-11 | എൽ എഫ് എം11/1611/13 തീയതി.10.4.14 | 23 |
| 2011-12 | കെ.എസ്.എ.എം.പി.എം11/356/14 തീയതി.22.9.15 | 16 |
| 2012-13 | കെ എസ് എ എം പി എം27/2356/16 തീയതി.3.1.18 | 10 |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം27/2150/18<br>തീയതി.07.09.18 | 13 |
| 2015-16 | കെ.എസ്.എ.എം.പിഎം27/3008/16<br>തീയതി.6.2.17 | 14 |
| 2016-17 | കെ എസ് എ എം പി എം27/2012/17 തീയതി.07.07.18 | 13 |
| 2017-18 | കെ എസ് എ എം പി എം27/1933/2018<br>തീയതി.30.07.19 | 9 |
| 2018-19 | കെ എസ് എ എം പി എം27/2573<br>/2019തീയതി.5.12.2019 | 16 |
| 2019-20 | കെ എസ് എ എം പി എം27/592/2021<br>തീയതി.30.03.2021 | 13 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എൽ. 5/22

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്